DESPATCHED
On. 01/10/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 57(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 1192/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 സെപ്റ്റംബർ 28**

ഡോ. റയീസ് എ.കെ.,
അറക്കൽ കാട്ടിൽ,
എം.ജി. റോഡ്, മാറഞ്ചേരി പി.ഒ.,
മലപ്പുറം– 679 581. } അപ്പീൽ ഹർജിക്കാരൻ

1) ശ്രീ. അജിത്കുമാർ പി.,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
താലൂക്ക് ആസ്ഥാന ആശുപത്രി, പൊന്നാനി.

2) അപ്പീൽ അധികാരി & സൂപ്രണ്ട്,
താലൂക്ക് ആസ്ഥാന ആശുപത്രി,
പൊന്നാനി. } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 31.3.2022-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം സമയബന്ധിതമായി കൈമാറാതിരുന്നതിന് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയിൽ നിന്നും വിശദീകരണം തേടിയിരുന്നു. ആയതുപ്രകാരം ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഡോ. റയീസ് എ.കെ. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ ഒരു ചോദ്യം ടി ഓഫീസുമായി ബന്ധപ്പെട്ടതായിരുന്നു എന്നും, എന്നാൽ രണ്ടാമത്തെ ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ നിന്നും വാങ്ങി നൽകണമെന്ന് അറിയില്ലായിരുന്നു എന്നും എന്നാൽ ഹർജിക്കാരനുമായി നടന്ന കൂടി കാഴ്ചയിൽ മേൽ കാര്യങ്ങളിൽ ശ്രദ്ധ കുറവ് വന്നെന്ന് ബോദ്ധ്യപ്പെട്ട ഉടനെ പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ നിന്നും ബന്ധപ്പെട്ട രേഖ ആവശ്യപ്പെട്ട പ്രകാരം ലഭിക്കുകയും ആയത് കമ്മീഷൻ മുമ്പാകെ നൽകുകയും ചെയ്തു എന്നുമാണ്. മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ വരാതെ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ വളരെ ശ്രദ്ധയോടും ഉത്തരവാദിത്വത്തോടും ചെയ്യുമെന്നു ഉറപ്പ് നൽകുന്നു എന്നുമാണ്. ആയതിനാൽ ടി വിശദീകരണം പരിഗണിച്ച് തുടർനടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നുമാണ്.

2. ടി വിശദീകരണവും നേരിൽ കേട്ട വേളയിൽ എതിർകക്ഷിയായ ശ്രീ. പി.അജിത്കുമാർ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചതിൽ നിന്നും ടിയാന് വിവരാവകാശ നിയമം 6(3) വകുപ്പിനെ കുറിച്ച് യാതൊരുവിധ അറിവും ഇല്ലായെന്ന് കമ്മീഷന് ബോധ്യപ്പെട്ടു. നേരിൽ കേട്ട വേളയിൽ ടിയാൻ ഹർജിക്കാരന്റെ അപേക്ഷയ്ക്കുള്ള എല്ലാ മറുപടിയും നൽകിയെന്നാണ് ആവർത്തിച്ച് പറഞ്ഞത്. ഇതിൽ നിന്നും ശ്രീ. പി.അജിത്കുമാറിന് വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധ കുറവുണ്ടെന്നും ടിയാൻ ഗൗരവത്തോടെയല്ല വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്തതെന്നും കമ്മീഷന് ബോധ്യപ്പെട്ടു. ഇക്കാര്യത്തിൽ ടിയാൻ കമ്മീഷനു മുമ്പാകെ മാപ്പപേക്ഷിച്ചിട്ടുമില്ല. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ ശ്രീ.പി.അജിത് കുമാറിനെ ശിക്ഷിക്കുവാനും പിഴയായി 3000/- രൂപ ( മൂവായിരം രൂപ മാത്രം) ടിയാനിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീ. പി.അജിത് കുമാർ, 3000/- രൂപ (മൂവായിരം രൂപ മാത്രം) "0070-60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 20/10/2022-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതുമാണ്.

3. ഈ സാഹചര്യത്തിൽ വിവരാവകാശ അപേക്ഷകൾ ഭാവിയിൽ കൂടുതൽ ജാഗ്രത പുലർത്തി കൈകാര്യം ചെയ്യണമെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്നും കമ്മീഷൻ ടിയാന് താക്കീത് നൽകുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം ടി ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 സെപ്റ്റംബർ മാസം 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★